**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5876** **09-07-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പെൻഷൻ തുക നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | **തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത് ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്.** |
| (ബി) | പ്രസ്തുത പെൻഷൻ തുക അർഹരായവരിൽ എത്തിക്കുന്നതിന് ധനവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | **സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡിബിറ്റി സെൽ ആണ് ആയതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നത്. ഗുണഭോക്താക്കളുടെ താത്പര്യപ്രകാരം പെൻഷൻ ബാങ്ക് അക്കൗണ്ട് വഴി ഡി.ബി.റ്റി ആയോ സഹകരണ സംഘങ്ങൾ മുഖേന നേരിട്ട് വീട്ടിലോ വിതരണം നടത്തുന്നു. പെൻഷൻ വിതരണത്തിനായി ധനകാര്യ വകുപ്പ് അനുവദിക്കുന്ന ഫണ്ട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്കും പ്രസ്തുത അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്കും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നത് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെൽ മുഖേനയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക്** |

| | | | |
|---|---|---|---|
| | | | **അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കുന്നതിനുള്ള തുക പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ട് മുഖേന നേരിട്ട് ഗുണഭോക്താക്കൾക്ക് ഡി.ബി.റ്റി മോഡ് വഴിയും ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള തുക പഞ്ചായത്ത് ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിൽ നിന്നും 14 ജില്ലാ ജോയിന്റ് രജിസ്ട്രാർമാറുടെ അക്കൗണ്ടിലേയ്ക്കും, പിന്നീട് പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ട് വീടുകളിലും ലഭ്യമാക്കുന്നു. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളെ നിലവിൽ സേവന പോർട്ടലുമായി സംയോജിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡുകൾക്ക് പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ സേവനയിലെ കണക്കുകളും ബോർഡുകൾ ലഭ്യമാക്കുന്ന കണക്കുകളും ഒത്തു നോക്കുകയും അർഹരായവർക്ക് പെൻഷൻ തുക അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ പെൻഷൻ വിതരണത്തിനായി ധനകാര്യ വകുപ്പ് അനുവദിക്കുന്ന ഫണ്ട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്കും പ്രസ്തുത അക്കൗണ്ടിൽ നിന്നും ക്ഷേമനിധി ബോർഡുകളുടെ അക്കൗണ്ടിലേയ്ക്കും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുകയും ചെയ്യുന്നു. പിന്നീട് അതാത് ബോർഡുകൾ മുഖേന അർഹരായ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനുകൾ ലഭ്യമാക്കുകയും ചെയ്യുന്നു.** |
| (സി) | മത്സ്യത്തൊഴിലാളി വിധവകൾക്കുള്ള പെൻഷൻ തുക നൽകേണ്ടവരുടെ എണ്ണം സംസ്ഥാന തലത്തിൽ എത്രയെന്ന് ജില്ല തിരിച്ച് വിശദ വിവരം ലഭ്യമാക്കാമോ; | (സി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്നവരുടെ വിധവകൾക്ക് ബോർഡ് പ്രതിമാസം 1600/- രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പെൻഷന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| **ജില്ല** | **എണ്ണം** | **തുക** |
|---|---|---|
| തിരുവനന്തപുരം | 1544 | 2470400 |
| കൊല്ലം | 1241 | 1985600 |
| പത്തനംതിട്ട | 19 | 30400 |
| ആലപ്പുഴ | 1870 | 2992000 |
| കോട്ടയം | 251 | 401600 |
| ഇടുക്കി | 0 | 0 |
| എറണാകുളം | 1027 | 1643200 |
| പാലക്കാട് | 0 | 0 |
| തൃശ്ശൂർ | 610 | 976000 |
| മലപ്പുറം | 828 | 1324800 |
| കോഴിക്കോട് | 1601 | 2561600 |
| വയനാട് | 0 | 0 |
| കണ്ണൂർ | 469 | 750400 |

<table>
<tr><td></td><td></td><td></td><td><table><tr><td>കാസർഗോഡ്</td><td>485</td><td>776000</td></tr><tr><td>ആകെ</td><td>9945</td><td>1,59,12,000</td></tr></table></td></tr>
<tr><td>(ഡി)</td><td>പ്രസ്തുത വിധവകൾക്കുള്ള പെൻഷൻ തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?</td><td>(ഡി)</td><td>സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളുടെ റിട്ടയർമെന്റ് പെൻഷൻ വിതരണത്തിനായി സർക്കാർ ഫണ്ട് അനുവദിച്ചു വരുന്നു. വിധവ പെൻഷൻ/ ആശ്രിത പെൻഷൻ ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഈ തുക ഉപയോഗിക്കുവാൻ പാടില്ലായെന്ന നിബന്ധനയോടെയാണ് പ്രസ്തുത ഫണ്ട് അനുവദിക്കുന്നത്. എന്നാൽ മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ് ഇതിന് വിരുദ്ധമായി വിധവാ പെൻഷൻ ഉൾപ്പെടെയുള്ള പെൻഷനുകളുടെ വിതരണം സർക്കാർ ഫണ്ടിൽ നിന്നുമാണ് നടത്തിയിരുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ 9945 ഗുണഭോക്താക്കൾക്ക് വിധവ പെൻഷൻ അനുവദിക്കുന്നതിന് ഫിഷറീസ് വകുപ്പും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും അപേക്ഷ സമർപ്പിച്ച പ്രത്യേക സാഹചര്യത്തിൽ ടി ഗുണഭോക്താൾക്ക് ഒരു മാസത്തെ വിധവാ പെൻഷൻ അനുവദിക്കുന്നതിനായി 02.07.2024-ലെ സ.ഉ(സാധാ)നം. 5190/2024/ധന പ്രകാരം 1,59,12,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളിലെ വിധവാ പെൻഷൻ അനുവദിക്കുന്നത് സർക്കാർ ധനസഹായത്തോടെയല്ല. പ്രസ്തുത ബോർഡുകൾ അവരുടെ ഫണ്ടുപയോഗിച്ചാണ് ടി പെൻഷൻ അനുവദിക്കുന്നത്. എന്നാൽ ഇവരിൽ അർഹരായ ഗുണഭോക്താൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് കീഴിലുള്ള ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീമിലേക്ക് അപേക്ഷ സമർപ്പിച്ച് ചേരാവുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ